

THURSDAY 13.07.2023 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA



Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003

Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–13/07/2023.

1. കൃഷി വകുപ്പിന്റെ 2022 ലെ സംസ്ഥാനതല കർഷക അവാർഡ് നിർണ്ണയ കമ്മിറ്റിയുടെ ഫീൽഡ് സന്ദർശനവുമായി ബന്ധപ്പെട്ട വിവിധ ജില്ലകളിലെ കർഷകരുടെ കൃഷി സ്ഥലങ്ങളുടെയും കൃഷി രീതികളുടെയും ഏകദേശം 1 ദിവസം നീണ്ടു നിൽക്കുന്ന വീഡിയോ ചിത്രീകരണത്തിനും, വീഡിയോ ചിത്രീകരണത്തിന്റെ എഡിറ്റിംഗ്, ഇൻഡക്സിംഗ്, ഡിവിഡി റൈറ്റിംഗ്, പശ്ചാത്തല സംഗീതം തുടങ്ങിയ മുഴുവൻ പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾക്കും, പരിചയ സമ്പന്നരായ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. 15.07.2023. വൈകിട്ട് 3 മണിക്കു മുമ്പായി കൃഷിഡയറക്ടർ, കൃഷിഡയറക്ടറേറ്റ് വികാസ് ഭവൻ, തിരുവനന്തപുരം 33 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. കവറിനു മുകളിൽ **"സംസ്ഥാന കർഷക അവാർഡ് 2022 വീഡിയോ കവറേജിനും പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾക്കുമുള്ള ക്വട്ടേഷൻ"** എന്നു രേഖപ്പെടുത്തിയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.fibkerala.gov.in, https://keralaagriculture.gov.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ പ്രവർത്തി ദിവസങ്ങളിൽ ഓഫീസുമായി ബന്ധപ്പെടുകയോ ചെയ്യുക.

2. വാമനപുരം കൃഷിഭവനിൽ ഗുണമേന്മയുള്ള WCT തെങ്ങിൻതൈകൾ 50% സബ്സിഡി നിരക്കിൽ ലഭ്യമാണ്. ആവശ്യമുള്ള കർഷകർ 2023-24 വർഷത്തെ കരമടച്ച രസീതുമായി കൃഷിഭവനിൽ എത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470148 എന്ന നമ്പറിൽ ബന്ധപ്പെടുക.

3. കേരള കാർഷിക കോളേജിൽ ഉല്പാദിപ്പിച്ച അത്യുല്പാദന ശേഷിയുള്ള രോഗ കീട പ്രതിരോധ ശേഷിയുള്ള നാടൻ തെങ്ങിനമായ **കുറ്റ്യാടിയുടെ തെങ്ങിൻ തൈകൾ** വിളപ്പിൽ കൃഷിഭവനിൽ ലഭ്യമാണ്. വിശദ വിവരങ്ങൾക്ക് 0471 2286022 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

4. കേരള കാർഷിക സർവകലാശാലയിലെ കെ എസ് സി എസ് ടി ഇ പ്രോജക്ടിൽ പ്രൊജക്റ്റ് ഫെലോ ആയി നിയമിക്കപ്പെടുന്നതിന് ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് aparna.r@kau.in എന്ന ഈമെയിലിൽ ബന്ധപ്പെടുക

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ വില്പനക്ക് തയ്യാറായിട്ടുണ്ട്. ഒരു കൂർക്ക തലക്ക് 1 രൂപ എന്ന നിരക്കിൽ

ലഭ്യമാണ്. വില്പന സമയം രാവിലെ 9 മണി മുതൽ 4 വരെയായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് കോ-ഓപ്പറേഷൻ ബാങ്കിംഗ് & മാനേജ്മെന്റിൽ 2023-24 അധ്യയനവർഷത്തെ എംബിഎ (അഗ്രി. ബിസിനസ് മാനേജ്മെൻറ്) കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള പ്രവേശനത്തിനായി പുനർവിജ്ഞാപനം പുറപ്പെടുവിച്ചു. കൂടുതൽ വിവരങ്ങൾക്ക് സർവ്വകലാശാലയുടെ വെബ്സൈറ്റ് www.admissions.kau.in സന്ദർശിക്കുക അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 14.08.2023.

## പരിശീലന പരിപാടി

7. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഈ മാസം 14 ന് (14.07.2023) **പച്ചക്കറി കൃഷിയും രോഗകീട നിയന്ത്രണവും** എന്ന വിഷയത്തിൽ ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. തൃശൂർ കൃഷിവിജ്ഞാന കേന്ദ്രത്തിൽ വിളപരിപാലനം, ജൈവ ഉപാധികളുടെ നിർമ്മാണം, സസ്യ സംരക്ഷണമുറകൾ തുടങ്ങിയ വിഷയങ്ങളിൽ ഈ മാസം 18 ന് (18/07/2023) പരിശീലനപരിപാടി സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർക്ക് 9400483754 എന്ന നമ്പറിൽ രാവിലെ 10 മണി മുതൽ 4 മണി വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

9. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പോത്ത് വളർത്തൽ എന്ന വിഷയത്തിൽ ഈ മാസം 14 ന് (14/07/2023) രാവിലെ 10.00 മുതൽ 5.00 മണി പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 നമ്പറിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്.

10. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈമാസം 19, 20 തീയതികളിൽ ആട് വളർത്തൽ എന്ന വിഷയത്തിലും 25, 26 തീയതികളിൽ കറവപ്പശു പരിപാലനം എന്ന വിഷയത്തിലും പരിശീലനം ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ളവർ നേരിട്ടോ ഓഫീസ് സമയങ്ങളിൽ 04892-234323 എന്ന നമ്പറിൽ വിളിച്ചോ 9188522706 എന്ന നമ്പറിൽ വാട്സ്ആപ്പ് സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

11. റബ്ബർപാലിന്റെ ഉണക്കറബ്ബർ (ഡി.ആർ.സി.) നിർണയം, കുടിവെള്ളത്തിന്റെ ഗുണമേന്മാപരിശോധന, ജൈവ-രാസവളങ്ങളുടെ പരിശോധന, വിപണനത്തിനുള്ളള റബ്ബറിന്റെ ഗുണമേന്മാപരിശോധന തുടങ്ങി റബ്ബർബോർഡിന്റെ സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി നൽകുന്ന സേവനങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് 2023 ജൂലൈ 14ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയുടെ ചുമതല വഹിക്കുന്ന സീനിയർ സയന്റിസ്റ്റ് പി.എസ്. സതീശ് ബാബു മറുപടി പറയും. കോൾസെന്റർ നമ്പർ 0481 2576622.

12. കേരള കാർഷിക സർവകലാശാല, കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ 'പൂന്തോട്ടപരിപാലനവും ലാൻഡ് സ്കേപിങ്ങും' എന്ന വിഷയത്തിൽ പ്രായോഗിക പരിശീലന പരിപാടി ജൂലൈ 19ന്, സംഘടിപ്പിക്കുന്നു. ലാൻഡ്സ്കേപ്പിംഗിന്റെയും പൂന്തോട്ടത്തിന്റെയും നിർമ്മാണവും പരിപാലനവും, ഇൻഡോർ ഗാർഡനിംഗ് ആശയങ്ങൾ, നൂതന തരത്തിലെ ഉദ്യാനങ്ങൾ എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ നടത്തുകയും പ്രായോഗിക പരിശീലനം നൽകുകയും ചെയുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ജൂലൈ 18 നു മുമ്പായി ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണിവരെയുള്ള സമയങ്ങളിൽ രജിസ്റ്റർ ചെയുക. കൂടുതൽ വിവരങ്ങൾക്ക് 0487-2370773 എന്ന നമ്പരിൽ ബന്ധപ്പെടുക.

13. ആലപ്പുഴ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വെച്ച് ആന്റിബയോറ്റിക്സിന്റെ ദുരുപയോഗവും ദൂഷ്യഫലങ്ങളും എന്ന വിഷയത്തിൽ ഒരു ദിവസത്തെ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. ജൂലൈ 19 ബുധനാഴ്ചയാണ് പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഓഫീസ് സമയങ്ങളിൽ 0479-2457778, 0479-2452277എന്ന നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്ത് നമ്പർ വാങ്ങേണ്ടതാണ്. ഏതെങ്കിലും കാരണങ്ങളാൽ സർക്കാർ അവധി പ്രഖ്യാപിച്ചാൽ അറിയിച്ചിരിക്കുന്ന തീയതിയുടെ തൊട്ടടുത്ത പ്രവൃത്തി ദിവസം പരിശീലനം ഉണ്ടായിരിക്കുന്നതാണ്.